അന്തരാളഘട്ടത്തിലാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, താലൂക്ക് ആശുപത്രിയുടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഈ സർക്കാർ ആശുപത്രിയെ താലൂക്കാശുപത്രിയായി പ്രഖ്യാപിക്കുകയും ഇത്രയും ബെഡ്ഡിന്റെ വർദ്ധനവിന്റെ പശ്ചാത്തലത്തിൽ പുതിയ ഡോക്ടർമാരെയും അനുബന്ധ സ്റ്റാഫിനെയും അനുവദിച്ചു തരികയും ചെയ്യാൻ നടപടി സ്വീകരിക്കണമെന്നാണ്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനോടൊപ്പം പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ 100 കിടക്കകളുള്ള വാർഡിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. ഇത് ജനങ്ങൾക്ക് സേവനപ്രദമാകണമെങ്കിൽ പുതിയ തസ്തിക സൃഷ്ടിച്ചെങ്കിൽ മാത്രമേ കഴിയൂ. ഇത് വളരെ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്.

(6) കഴക്കൂട്ടം ആസ്ഥാനമാക്കി പുതിയ താലൂക്ക്

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം നഗരം ഉൾപ്പെടുന്ന തിരുവനന്തപുരം താലൂക്ക് ജനസാന്ദ്രതകൊണ്ട് ഒന്നാം സ്ഥാനത്താണ്. ഈ തിരുവനന്തപുരം നഗരി തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള മുഴുവൻ ജനങ്ങളും വന്നു പോകുന്ന സ്ഥലമാണ്. സംസ്ഥാനത്ത് മറ്റ് ജില്ലകളിൽ നിന്നും പല കാര്യങ്ങൾക്കായി പൊതുജനങ്ങൾ വന്നു പോകുന്ന സ്ഥലമാണ്. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് അവരുടെ റവന്യു കാര്യങ്ങൾക്കുവേണ്ടി ഇവിടുത്തെ താലൂക്ക് ആഫീസിൽ വരിക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്; ഒരു കാര്യവും നടക്കുകയില്ല. പത്തും പതിനഞ്ചും പ്രാവശ്യം വന്നാൽപ്പോലും റവന്യു കാര്യങ്ങൾ നിറവേറ്റുന്നതിനു കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. നഗരവുമല്ല എന്നാൽ ഗ്രാമവുമല്ല എന്ന സ്ഥിതിവിശേഷത്തിൽ കഴിയുകയാണ് അവിടത്തെ ജനങ്ങൾ. അതുകൊണ്ട് അവിടുത്തെ ജനങ്ങളുടെ വളരെക്കാലമായുള്ള ഒരു ആവശ്യമാണ് കഴക്കൂട്ടം കേന്ദ്രീകരിച്ച് ഒരു താലൂക്ക് രൂപീകരിക്കണമെന്നുള്ളത്. വെള്ളോടി കമ്മീഷന്റെ റിപ്പോർട്ടിലും കഴക്കൂട്ടം കേന്ദ്രമാക്കി ഒരു താലൂക്ക് രൂപീകരിക്കണമെന്നും സിറ്റി താലൂക്കും റൂറൽ താലൂക്കുമായി തിരുവനന്തപുരം താലൂക്കിനെ രണ്ടായി വിഭജിക്കണമെന്നും നിർദ്ദേശമുണ്ട്. ഇത് വളരെ അത്യാവശ്യം ചെയ്യേണ്ട ഒരു കാര്യമാണ്. ഇപ്പോൾ നിയോഗിച്ചിരിക്കുന്ന കമ്മീഷന്റെ മുമ്പിലും ഈ ആവശ്യങ്ങൾ

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇനി താലൂക്ക് രൂപീകരണം വരുന്നകൂട്ടത്തിൽ കഴക്കൂട്ടം താലൂക്ക് രൂപീകരണം കൂടി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി ബഹുമാന്യനായ, പരിണതപ്രജ്ഞനായ റവന്യൂ വകുപ്പുമന്ത്രി നിർവ്വഹിക്കുമെന്നു പ്രതീക്ഷിക്കുകയാണ്. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, അർബൻ താലൂക്ക്, റൂറൽ താലൂക്ക് എന്ന രീതിയിലുള്ള കൺസെപ്റ്റ് ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കഴക്കൂട്ടത്തിന്റെ പ്രാധാന്യത്തെ കുറിച്ചൊക്കെ ഗവൺമെന്റിന് വളരെയേറെ ബോദ്ധ്യമുണ്ട്. ഈ വിഷയത്തിൽ ഞാൻ മുൻകൂട്ടി ഒരു കാര്യവും പറയുന്നില്ല. റവന്യൂ കമ്മീഷണർ ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ താലൂക്ക് രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വൺ മേൻ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം കമ്മീഷന്റെ പരിഗണനയ്ക്കുവേണ്ടി ഞാൻ അയച്ചുകൊടുക്കാം. കമ്മീഷൻ അത് പരിശോധിക്കും. കമ്മീഷന്റെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

(7) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബർ

ശ്രീ. പി. കെ. കെ. ബാവ: സർ, തങ്ങളുടേതല്ലാത്ത കാരണം കൊണ്ട് ഈ സഭയിൽ പ്രാതിനിധ്യം നഷ്ടപ്പെട്ടുപോയ അനാഥരായി കഴിയുന്ന ഒരു നിയോജകമണ്ഡലത്തിലെ നീറുന്ന ജീവൽ പ്രശ്നമാണ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. അവിടെ ഞാൻ ഒരു വോട്ടറാണ്. കൊയിലാണ്ടിയിൽ ഒരു ഫിഷിംഗ് ഹാർബർ എന്നുള്ളത് വളരെക്കാലത്തെ ഒരു അഭിലാഷമാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടുകൂടി ആ ചർച്ചയ്ക്ക് വലിയ സജീവത കൈവരിക്കാൻ സാധിച്ചു. അതിനെത്തുടർന്ന് കുറെ നടപടികളുമായി. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം, അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി അതിന് ചിറകും തൂവലും ഒക്കെ വന്നുകഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി കൊയിലാണ്ടിയിലെ അനാഥരായ ജനങ്ങളോട് നീതിപുലർത്തുന്നതിന് എത്രയുംവേഗം ആവശ്യമായ നടപടി സ്വീകരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളെ സമീപിച്ച് കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബർ എന്ന ജനങ്ങളുടെ വളരെക്കാലത്തെ അഭിലാഷം സാധിച്ചു കൊടുക്കുന്നതിന് തുടക്കം കുറിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കൊയിലാണ്ടിയുമായി ബന്ധപ്പെട്ട ചരിത്രത്തിന്റെ ഭാഗമാകാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധത കാണിക്കണം. അതിന് ഞങ്ങളോട് കനിയണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly